കേരള ലൈവ്സ്റ്റോക്ക് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ കീഴിലുള്ള പാൽ സംസ്കരണ കേന്ദ്രങ്ങൾ

794 [961] ശ്രീ. പി. സീതി ഹാജി:
,, കെ. പി. എ. മജീദ്:
,, കെ. പി. രാമൻ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ്സ്റ്റോക്ക് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ കീഴിൽ ഇപ്പോൾ എത്ര പാൽ സംസ്കരണ കേന്ദ്രങ്ങളുണ്ട്;

(ബി) അവ ഏതെല്ലാം ജില്ലകളിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷത്തിൽ പുതിയ പാൽ സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വിദേശ രാഷ്ട്രങ്ങളുടെ സഹായത്തോടെ തുടങ്ങാനുദ്ദേശിക്കുന്നവയിൽ മഞ്ചേരി മിൽക്ക് പ്രോജക്ട് ഉൾപ്പെടുമോ?

ഉത്തരം

(എ) കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ കീഴിൽ ഏഴു പാൽ സംസ്കരണ കേന്ദ്രങ്ങൾ ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലാണ്.

(സി) ഉണ്ട്.

(ഡി) ഏറനാട് താലൂക്കിലും ഈ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ക്ഷീര സംസ്കരണത്തിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.

വാടക നിയന്ത്രണ ചട്ടം

795 [962] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക നിയന്ത്രണ ചട്ടം സംസ്ഥാനത്താകെ ബാധകമാക്കിയിട്ടുണ്ടോ;

(ബി) ചില പഞ്ചായത്തുകളിൽ മാത്രമാണ് ഈ നിയമം ബാധകമാക്കിയിട്ടുള്ളതെങ്കിൽ അത് ഏതെല്ലാം പഞ്ചായത്തുകളിൽ;

(സി) എല്ലാ പഞ്ചായത്തുകളിലും ഈ നിയമം ഉടനടി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly